milma

**Malabar Regional Co-operative Milk Producers' Union Ltd.**

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:308:CFC: 531 07.11.2022

**സർക്കുലർ .895..../2022**

**വിഷയം: മിൽമ കാലിത്തീറ്റ വില വർദ്ധനവ് മൂലം ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന അധിക ബാധ്യത മേഖലാ യൂണിയൻ വഹിക്കുന്നത് സംബന്ധിച്ച്.**

കാലിത്തീറ്റ ഉൽപ്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ മിൽമ കാലിത്തീറ്റയുടെ ഉൽപ്പാദന ചെലവ് ഉയർന്ന തോതിൽ വർദ്ധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ **01.11.2022** മുതൽ **മിൽമ ഗോമതി റിച്ച്** കാലിത്തീറ്റയുടെയും, **മിൽമ ഗോമതി ഗോൾഡ്** കാലിത്തീറ്റയുടെയും വില വർദ്ധിപ്പിച്ച് കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ തീരുമാനമെടുത്തിരുന്നു. അതുപ്രകാരം 50 കിലോ മിൽമ ഗോമതി റിച്ച് കാലിത്തീറ്റയുടെ പരമാവധി വിൽപ്പന വില 1240 രൂപയിൽ നിന്നും 160 രൂപ വർദ്ധിച്ച് 1400 രൂപയായും, 50 കിലോ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയുടെ പരമാവധി വിൽപ്പന വില 1370 രൂപയിൽ നിന്നും 180 രൂപ വർദ്ധിച്ച് 1550 രൂപയുമായി 01.11.2022 മുതൽ വർദ്ധിപ്പിച്ചിരിക്കുന്നു.

ക്ഷീര കർഷകർ പാലുൽപ്പാദന ചെലവുമായി ബന്ധപ്പെട്ട് ഏറെ പ്രയാസം അനുഭവിക്കുന്ന ഈ സമയത്ത് കാലിത്തീറ്റ വില വർദ്ധിപ്പിച്ചത് ക്ഷീര കർഷകർക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കും. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷീര കർഷകർ അനുഭവിക്കുന്ന ഈ വലിയ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി മേൽപ്പറഞ്ഞ വില വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ബാധ്യത മലബാർ മേഖലാ യൂണിയന്റെ സ്വന്തം ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് പൂർണ്ണമായും ഏറ്റെടുത്തുകൊണ്ട്, **01.11.2022** മുതൽ പഴയ വിലയ്ക്ക് തന്നെ മേൽപ്പറഞ്ഞ രണ്ടിനം മിൽമ കാലിത്തീറ്റകൾ ക്ഷീര സംഘങ്ങൾക്ക് നൽകുന്നതിന് മലബാർ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ തീരുമാനിച്ച കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു.

മേൽപ്പറഞ്ഞ കാലിത്തീറ്റ സബ്സിഡി ക്ഷീര കർഷകർക്ക് നൽകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്.

1. ക്ഷീര സംഘത്തിൽ പാൽ നൽകുന്ന കർഷകർക്ക് മാത്രം സബ്സിഡി അനുവദിക്കുക.
2. കർഷകർ ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ആനുപാതികമായി മാത്രം സബ്സിഡി അനുവദിക്കുക.

പൂർണ്ണ സഹകരണം പ്രതീക്ഷിച്ചു കൊണ്ട്,

JAMES K.C.
General Manager
HOD - P&I
MRCMPU Ltd.
(Malabar Milma)

**മാനേജിംഗ് ഡയറക്ടർ**

യൂണിയന് പാൽ നൽകുന്ന എല്ലാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ് : മാനേജിംഗ് ഡയറക്ടർ, കെ.സി.എം.എം.എഫ്, തിരുവനന്തപുരം
: മാനേജർ, കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ
: എല്ലാ വകുപ്പ് മേധാവികൾക്കും(എച്ച്.ഒ)
: എല്ലാ ഡെയറി മാനേജർമാർക്കും,
: എല്ലാ പി&ഐ യൂണിറ്റ് മേധാവികൾക്കും
: പി.എസ് ടു എം.ഡി

M. R. C. M. P. U. LTD.
DESPATCHED
Date: 8/11/22